# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*578** **28.07.2015 ൽ മറുപടിയ്ക്ക്**

## കൃഷി ഭവനകൾ വഴി പച്ചത്തേങ്ങാ സംഭരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.ശശി | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷിഭവനകൾ വഴി പച്ചത്തേങ്ങാ സംഭരണം ആരംഭിച്ചതെന്നുമുതലാണ് ; ആദ്യ ഘട്ടത്തിൽ തന്നെ ഈ പദ്ധതി പരാജയമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 01.01.2013 മുതലാണ് സംസ്ഥാനത്ത് കൃഷി ഭവനകൾ വഴി കേര ഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്. ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട്, കർഷകരിൽ നിന്നും നേരിട്ട് പച്ച നാളികേരം സംഭരണം നടത്തുന്നത്, കർഷകർക്ക് ഏറെ പ്രയോജനപ്രദമാണ്. ഈ പദ്ധതി പരാജയമായെന്ന് ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറിച്ച് ഇത് വലിയ വിജയമാണെന്നാണ് കണ്ടിട്ടുള്ളത്. |
| (ബി) ഈ വർഷം തേങ്ങയുടെ തറവിലയായി നിശ്ചയിച്ചത് എത്ര രൂപയാണ് ; | (ബി) 24.04.2015 തീയതിയിലെ സ.ഉ. (എം.എസ്) നം.70/2015/കൃഷി പ്രകാരം മേയ് മാസം ഒന്നാം തീയതി മുതൽ പച്ചത്തേങ്ങ സംഭരണ വില കി.ഗ്രാമിന് 28 രൂപയായി ഉയർത്തുന്നതിന് കേരഫെഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഒരു കിലോ പച്ച നാളികേരത്തിന് 25 രൂപ നൽകിയാണ് കേരഫെഡ് ഇപ്പോൾ സംഭരിക്കുന്നത്. |
| (സി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ? | (സി) കേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത കൃഷി ഭവനകളിലൂടെ സംഭരിക്കുന്ന നാളികേരം കേരഫെഡ് ഏറ്റെടുക്കുകയും സംസ്കരിച്ച് കൊപ്രയാക്കി മാറ്റുകയും |

ചെയ്യുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില ചെക്ക് മുഖേന കൃഷിഭവനുകളിൽ നിന്നും കർഷകർക്ക് ലഭിക്കുന്നു. പദ്ധതി നടത്തിപ്പിനായി കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം 2100 ലക്ഷം രൂപ 2012-13-ൽ കേരഫെഡിന് നൽകിയിരുന്നു. കൂടാതെ 2014-15 ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും, പച്ചതേങ്ങ സംസ്കരിച്ച് കൊപ്രയാക്കി മാറ്റിയതിനുള്ള ഇൻസെന്റീവ് ഇനത്തിൽ 100.00 ലക്ഷം രൂപയും കേരഫെഡിന് നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ 362 കൃഷി ഭവനുകൾ വഴി 55,100 ടൺ പച്ചനാളികേരം ഇതിനകം കേരഫെഡ് സംഭരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ